LIBRARY ARCHIVES Kerala Legislative Assembly

ചിങ്ങം ഒന്ന് കർഷക-കർഷകത്തൊഴിലാളി ദിനം

56 [3400] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിങ്ങം ഒന്ന് കർഷകദിനം, കർഷക-കർഷകത്തൊഴിലാളി ദിനമായി ആചരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കർഷകർക്കൊപ്പം കർഷകത്തൊഴിലാളികളെയും ആദരിക്കുന്ന ചടങ്ങുകൾ ചിങ്ങം ഒന്നിന് സംഘടിപ്പിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(സി) ചിങ്ങം ഒന്നിന്റെ പരിപാടികളിൽ വിപുലമായ ജനപങ്കാളിത്തം ഉറപ്പാക്കി കാർഷിക മേഖലയ്ക്ക് ഗുണകരമായ പഠന പരിപാടികൾ സംഘടിപ്പിക്കുമോ;

(ഡി) ഓരോ വർഷത്തെയും ദിനാചരണത്തിനു കാലിക പ്രാധാന്യമുള്ള ഒരു കേന്ദ്ര മുദ്രാവാക്യം പ്രഖ്യാപിച്ച് ആകർഷകമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നതോടൊപ്പം കാർഷിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന കർഷകരെ പ്രസ്തുത ചടങ്ങിൽ ആദരിക്കുകയും ചെയ്തുവരുന്നു. എന്നാൽ, കർഷകത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി ചിങ്ങം ഒന്ന് കർഷക-കർഷകത്തൊഴിലാളി ദിനമായി ആചരിക്കണമെന്ന നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലിപ്പോഴില്ല.

(സി) കാർഷിക മേഖലയ്ക്ക് ഗുണപരമായ രീതിയിൽ ഇപ്പോൾ നിലവിൽ ജനപങ്കാളിത്തത്തോടുകൂടി പഠനക്ലാസ്സുകളും ചർച്ചകളും നടത്തിവരുന്നുണ്ട്. ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുവരുന്നു.

(ഡി) ഈ കാര്യത്തിൽ കർഷകർ മുന്നോട്ടു വയ്ക്കുന്ന കാർഷിക പ്രാധാന്യമുള്ള മുദ്രാവാക്യം സർക്കാരിനു സ്വീകാര്യമാണ്.

കൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

57 [3401] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, കെ. കെ. ജയചന്ദ്രൻ :

,, മഞ്ഞളാംകുഴി അലി :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതിയിൽ സംസ്ഥാനത്ത് എത്ര കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയാമോ;

(ബി) വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ എന്തു തുകയാണ് കൃഷി വകുപ്പ് വൈദ്യുതി ബോർഡിന് നൽകുവാനുള്ളതെന്ന് പറയാമോ;